**പതിമൂന്നാം കേരള നിയമസഭ**
**ഏഴാം സമ്മേളനം**
**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2413**
**13.02.2013- ലെ മറുപടിയ്ക്ക്**

**പങ്കാളിത്ത പെൻഷൻ പദ്ധതി**

ചോദ്യം
**ശ്രീ.കെ. രാധാകൃഷ്ണൻ**

ഉത്തരം
**ശ്രീ. കെ.എം. മാണി**
**(ബഹു. ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പു മന്ത്രി)**

| | | |
|---|---|---|
| (എ) | പങ്കാളിത്ത പെൻഷൻ പദ്ധതി പ്രകാരം ജീവനക്കാരുടെയും സർക്കാരിന്റെയും വിഹിതമായി ഓരോ വർഷവും ശരാശരി എന്ത് തുക നിക്ഷേപമായി വരുമെന്നാണ് സർക്കാർ കണക്ക് കൂട്ടിയിട്ടുള്ളതെന്ന് പറയാമോ; | കേന്ദ്രത്തിൽ നടപ്പിലാക്കിയ ദേശീയ പെൻഷൻ പദ്ധതിക്കനുസരണമായി സംസ്ഥാനത്തിൽ നടപ്പിലാക്കിയ പദ്ധതിയുടെ പ്രാരംഭ നടപടികളാണ് ആരംഭിച്ചിട്ടുള്ളത്. ജീവനക്കാരുടെ ശമ്പളത്തിന്റെ 10 ശതമാനവും അതിനു തുല്യമായ സർക്കാർ വിഹിതവുമാണ് നിക്ഷേപമായി വരുന്നത്. ഓരോ വർഷവും ജീവനക്കാരുടെ എണ്ണത്തിന്റെ വർദ്ധനവിനാനുപാതികമായി പ്രസ്തുത നിക്ഷേപതുകയിലും വർദ്ധനവ് ഉണ്ടാകുന്നതാണ്. |
| (ബി) | ഓരോ വർഷവും ജീവനക്കാരുടെ എണ്ണത്തിന്റെ വർദ്ധനവിനാനുപാതികമായി പ്രസ്തുത നിക്ഷേപതുകയിലുണ്ടാകുന്ന വർദ്ധനവ് കണക്കാക്കിയിട്ടുണ്ടോ; | |
| (സി) | പ്രസ്തുത തുക നിക്ഷേപിക്കുന്നതിന് എതെല്ലാം ധനകാര്യ സ്ഥാപനങ്ങളെയാണ് സർക്കാർ നിശ്ചയിച്ചിട്ടുള്ളതെന്ന് പറയാമോ; | പി.എഫ്.ആർ.ഡി.എ നിശ്ചയിക്കുന്ന പെൻഷൻ ഫണ്ട് മാനേജർമാരിലാണ് പ്രസ്തുത തുക നിക്ഷേപിക്കുന്നത്. എസ്.ബി.ഐ, യു.ടി.ഐ, എൽ.ഐ.സി എന്നിവയാണ് പെൻഷൻ ഫണ്ട് മാനേജർമാരായി നിശ്ചയിച്ചിട്ടുള്ളത്. |
| (ഡി) | ഈ സ്ഥാപനങ്ങളുമായി സർക്കാർ എന്തെങ്കിലും കരാറുകളിലെത്തിയശേഷമാണോ അവരെ തെരഞ്ഞെടുത്തിട്ടുള്ളതെന്ന് പറയാമോ; | ഈ പദ്ധതി പ്രകാരം സർക്കാർ നാഷണൽ പെൻഷൻ സിസ്റ്റം ട്രസ്റ്റുമായാണ് കരാറിലേർപ്പെടുന്നത്. ഈ ട്രസ്റ്റാണ് ടി സ്ഥാപനങ്ങളുമായി കരാറിലേർപ്പെടുന്നത്. |

| | | |
|---|---|---|
| (ഇ) | ജീവനക്കാരുടേയും സർക്കാരിന്റെയും വിഹിതമായി നിക്ഷേപിച്ച തുക തിരികെ ലഭിക്കുന്നത് സംബന്ധിച്ച ഉറപ്പ് സർക്കാർ ലഭ്യമാക്കിയിട്ടുണ്ടോ; | ജീവനക്കാരൻ സർവ്വീസിൽനിന്നും വിരമിക്കുമ്പോൾ പെൻഷൻ നിക്ഷേപത്തിന്റെ 40% തുക തുടർകാലത്തേയ്ക്ക് ജീവനക്കാരനും തുടർന്ന് ആശ്രിതർക്കും പ്രതിമാസ പെൻഷൻ/കുടുംബ പെൻഷൻ |
| (എഫ്) | എങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ? | ലഭ്യമാകുന്നതിനുള്ള annuity വാങ്ങാനായി ഉപയോഗിക്കുന്നതാണ്. ബാക്കി 60% തുക ജീവനക്കാരന് ആവശ്യമുള്ള രീതിയിൽ വിനിയോഗിക്കുന്നതിന് മടക്കി ലഭിക്കുന്നതാണ്. കേന്ദ്രഗവൺമെന്റ് നടപ്പാക്കുന്ന നിയമത്തിനനുസരിച്ചാണ് പദ്ധതിയുടെ നടത്തിപ്പ് സംവിധാനം. |

സെക്ഷൻ ഓഫീസർ.